പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 995 07/02/2013-ൽ മറുപടിക്ക്

## പാലക്കാട്ട് ആദിവാസി യുവാവിന്റെ മരണം

ചോദ്യം മറുപടി

ശ്രീ. എം.എ.ബേബി :

കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | പാലക്കാട് പൂതൂർ പഞ്ചായത്തിലെ അമ്പണ്ണൂര് ഊരിലെ കാളി എന്ന ആദിവാസി യുവാവ് മരുന്നും ഭക്ഷണവും ലഭിക്കാതെ മരണപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | അട്ടപ്പാടിയിലെ പുതൂർ പഞ്ചായത്തിലെ അബ്ബണ്ണൂര് ഊരിലെ കാളിക്ക് (S/O കാടൻ) ചെറിയ മുറിവുകൾ ഉണ്ടാകുകയും തുടർന്ന് വലിയ വൃണങ്ങളാകുന്ന രോഗ-മായിരുന്നു. ടിയാനെ എസ്.റ്റി.പ്രൊമോട്ടർ സഹോദരൻ കൃഷ്ണകുമാറിന്റെ സഹായത്തോടെ അട്ടപ്പാടിയിലെ കോട്ടത്തറ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കുകയും തുടർന്ന് ഉയർന്ന ചികിത്സയ്ക്കായി അട്ടപ്പാടി ഐ.റ്റി.ഡി.പി.യുടെ ആമ്പുലൻസിൽ തൃശ്ശൂർ മെഡിക്കൽ കോളേജിൽ എത്തിച്ച് ചികിത്സ നടത്തുകയും, ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. അസുഖം ഭേദമായതിനു ശേഷം രോഗം വീണ്ടും പ്രത്യക്ഷപ്പെടുകയും തുടർന്ന് കോട്ടത്തറ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കുകയുണ്ടായി. എന്നാൽ മൂന്നു ദിവസം ആശുപത്രിയിൽ കിടന്ന കാളി ഡിസ്ചാർജ്ജ് ചെയ്യുന്നതിന് മുൻപേ ആരുമറിയാതെ വീട്ടിലേയ്ക്ക് പോവുകയാണ് ഉണ്ടായത്. വീണ്ടും |
| (ബി) | ചികിത്സ ലഭിക്കാതെയും പട്ടിണികാരണവും കാളി മരണപ്പെടാനിടയായ സാഹചര്യം സംബന്ധിച്ച് അന്വേഷിക്കുമോ; കാളിയുടെ കുടുംബത്തിന് ഉചിതമായ സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | ഹോസ്പിറ്റലിൽ കൊണ്ടു പോകാൻ എസ്.റ്റി.പ്രൊമോട്ടർ ശ്രമിച്ചെങ്കിലും ടിയാൻ കൂട്ടാക്കിയില്ല. സഹോദരങ്ങൾ . കൊണ്ടു പോകുന്നതിനോ കൂടെ നിൽക്കാനോ തയ്യാറുമായില്ല. രോഗാവസ്ഥയിൽ കഴിയുന്ന വിവരം പുതൂർ PHC-യിൽ എസ്.റ്റി.പ്രൊമോട്ടർ അറിയിച്ചിട്ടുള്ളതുമാണ്. ആശുപത്രി ചികിത്സയോടുള്ള വിമുഖത കാരണമാണ് വീണ്ടും ആശുപത്രിയിൽ എത്തിക്കാനാവാതിരുന്നത്. കാളി അമ്മയുടെ കൂടെയായിരുന്നു താമസം. സഹോദരൻ കൃഷ്ണകുമാറാണ് ഭക്ഷണം നൽകിയിരുന്നത്. കാളിയുടെ ഭാര്യ 6 വർഷം മുൻപ് ടിയാനെ ഉപേക്ഷിച്ചു പോയി. ഇവരുടെ മകൻ രമേശ് അമ്മയുടെ സംരക്ഷണയിൽ എടത്തനാട്ടുകര യത്തീം ഖാന സൗകര്യം ചെയ്യതനുസരിച്ച് TKHMO യു.പി.സ്കൂളിൽ പഠിച്ചു വരുന്നു. ഈ കുട്ടിക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ